## സർക്കാർ അംഗീകരിച്ചിട്ടുള്ള സർവ്വീസ് സംഘടനകൾ

1049 [1950] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർക്കാർ അംഗീകരിച്ചിട്ടുള്ള സർവ്വീസ് സംഘടനകൾ ഏതെല്ലാം;

(ബി) അംഗീകൃത വ്യവസ്ഥകൾക്കനുസൃതമായി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും സർവ്വീസ് സംഘടനകൾക്ക് ഈ ഗവൺമെൻറ് അംഗീകാരം നിഷേധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

### ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

## ചെലവുചുരുക്കൽ

1050 [1951] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 31-3-1986 വരെ ചെലവുചുരുക്കലിന്റെ പേരിൽ സർക്കാരിനുണ്ടായ നേട്ടം എത്രയായിരുന്നു എന്നു പറയാമോ;

(ബി) അതിൽ ടി. എ. ഇനത്തിലെ ലാഭം എത്ര;

(സി) വാഹന ഇന്ധനച്ചെലവിൽ ഉണ്ടായതെത്ര;

(ഡി) ടെലഫോൺ ചാർജ് ഇനത്തിൽ ഉണ്ടായതെത്ര;

(ഇ) സ്റ്റേഷനറി ഇനത്തിൽ ഉണ്ടായതെത്ര?

### ഉത്തരം

(എ, ബി, സി, ഡി, ഇ) പല തസ്തികകളും കുറവുചെയ്യാനും കൂടുതൽ തസ്തികകൾ ഉണ്ടാക്കുന്നതിൽ കർശനമായ നിയന്ത്രണം പാലിക്കാനും അതുവഴി വളരെയധികം ചെലവുചുരുക്കാനും ഗവൺമെൻറിനു സാധിച്ചിട്ടുണ്ട്. റവ. എ. ഇനത്തിലും വാഹന ഇന്ധന ചെലവിലുമൊക്കെ കുറവുണ്ടായിട്ടുണ്ടെങ്കിലും ഇത്തരത്തിലുള്ള നേട്ടം കൃത്യമായി കണക്കുകൂട്ടാൻ സാധ്യമല്ല.

---

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly